




തങ്ങളുടെ പുഴക്കും ജൈവവൈവിധ്യത്തിനും ഓരോ കുടുംബത്തിനും വരുത്തിയ നഷ്ടങ്ങൾക്കും കമ്പനി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന കഷ്ടപ്പാടുകൾക്കും തക്കതായ നഷ്ടപരിഹാരം നല്കി എൻ.ജി.ഐ.എൽ കമ്പനി അടച്ചുപൂട്ടണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ കാതിക്കുടത്ത് നടക്കുന്ന സമരം തുടരുന്നു

# കാതിക്കുടം
# വിഷം കലക്കുന്നവർക്ക് മാപ്പില്ല

പി. എ. അശോകൻ

തൃശൂർ ജില്ലയിലെ ചാലക്കുടിക്കടുത്ത കാതികുടം ഗ്രാമവാസികൾ തങ്ങളുടെ ജീവനും ചുറ്റുപാടുകൾക്കും ഭീഷണിയായി മാറിയ NGIL (Nitta Gelattin India Limitted) അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അവസാന പോരാട്ടത്തിനൊരുങ്ങുകയാണ്. ഗ്രാമത്തിന്റെ ഹൃദയമായ ചാലക്കുടിപ്പുഴയിലേക്കും, കൃഷിചെയ്യുന്ന മണ്ണിലേക്കും ശ്വസിക്കുന്ന വായുവിലേക്കും മാലിന്യങ്ങൾ തുറന്നുവിട്ട് കഴിഞ്ഞ മുപ്പതു വർഷത്തിലധികമായി കമ്പനി ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. ഈ മേഖലയിലെ ഏറ്റവും വലിയ ജലസ്രോതസ്സായ ചാലക്കുടി പുഴയിൽനിന്ന് കോടിക്കണക്കിന് ലിറ്റർ വെള്ളം ദിനംപ്രതി കമ്പനി ഊറ്റിയെടുക്കുന്നു. ഏതെങ്കിലും അധികാര സ്ഥാപനങ്ങളിൽ നിന്ന് യാതൊരുവിധ അനുമതിയുമില്ലാതെയാണ് കമ്പനിയുടെ ഈ വെള്ളക്കൊള്ള. രാസമാലിന്യങ്ങൾ ഉൾപ്പടെയുള്ള മാലിന്യങ്ങൾ പുഴയിലേക്കു തള്ളുകയും ചെയ്യുന്നു. ഇങ്ങനെ അനേകലക്ഷം മനുഷ്യരുടെ ജീവിതം ആശ്രയിച്ചു നിലനില്ക്കുന്ന ഈ പുഴയെ വിഷച്ചാലാക്കി മാറ്റിയിരിക്കുന്നു കമ്പനി.

മൃഗങ്ങളുടെ എല്ലിൽനിന്ന് 'ഓസ്സീൻ' എന്ന പദാർത്ഥമാണ് ഈ കമ്പനി ഉല്പാദിപ്പിക്കുന്നത്. എല്ലു ശുദ്ധീകരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഹൈഡ്രോക്ലോറിക് ആസിഡ് വലിയ തോതിൽ ഇവിടെ ഉപയോഗിക്കുകയും സംഭരിക്കുകയും ചെയ്യുന്നുണ്ട്. ഉല്പാദനഘട്ടത്തിൽ നിരവധി രാസപദാർത്ഥങ്ങളും ഉപയോഗിക്കുന്നു. ഇവയാണ് പുറത്തേക്കു തള്ളുന്ന മാലിന്യത്തിലൂടെ ചുറ്റുപാടുകളിലെത്തുന്നത്. ദ്രാവകരൂപത്തിലുള്ളത് വലിയ പൈപ്പിലൂടെ പുഴയിലേക്ക് തള്ളുകയും ഖരരൂപത്തിലുള്ളവ മണ്ണിൽ കുഴിച്ചു മൂടുകയോ വളമെന്ന രൂപത്തിൽ പുറത്തേക്ക് വിതരണം ചെയ്യുകയോ ചെയ്യുന്നു. കമ്പനി പ്രവർത്തിക്കുമ്പോൾ പുറത്തേക്കു തള്ളുന്ന പുക ഈ പരിസരമൊക്കെ ദുർഗന്ധപൂരിതമാക്കുന്നു. അങ്ങിനെ കുടിവെള്ളത്തിലൂടെയും ശ്വസിക്കുന്ന വായുവിലൂടെയും കൃഷി ചെയ്യുന്ന മണ്ണിലൂടെയും മാലിന്യങ്ങൾ മനുഷ്യരെ ബാധിക്കുന്നു. വിട്ടുമാറാത്ത രോഗങ്ങളും മരണത്തിന്റെ എണ്ണവും കൂടിവന്നപ്പോഴാണ് കമ്പനിയുടെ മാലിന്യങ്ങളാണ് ഇതിനു കാരണമെന്ന തിരിച്ചറിവ് നാട്ടുകാർക്ക് ഉണ്ടാകുന്നത്. ശ്വാസകോശ രോഗങ്ങളും ത്വക്‌രോഗങ്ങളുംകൊണ്ട് ദുരിതമനുഭവിക്കുന്ന കുടുംബങ്ങളാണ് ഭൂരിപക്ഷവും ഇവിടെ. ക്യാൻസർ രോഗവും ഇവിടെ വളരെ ഏറെയാണ്.

തങ്ങളുടെ നിലനില്പിന് അടിസ്ഥാനങ്ങളായ പുഴയും മണ്ണും, ശ്വാസവായുവും മലിനീകരിച്ച് തങ്ങളുടെ ജീവിതത്തിന് വെല്ലുവിളിയായി നില്ക്കുന്ന കമ്പനിക്കെതിരെ കാതിക്കുടം ഗ്രാമം ഒന്നടങ്കം ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സമരരംഗത്താണ്. കാലാകാലങ്ങളിൽ കമ്പനിക്കെതിരെ നടന്ന സമരങ്ങളെ പ്രലോഭിപ്പിച്ചും, ഭീഷണിപ്പെടുത്തിയും തകർക്കുകയായിരുന്നു.

രാഷ്ട്രീയക്കാരേയും സർക്കാർ ഉദ്യോഗസ്ഥരേയും പണത്തിന്റെ ശക്തിയിൽ കമ്പനി നിശ്ശബ്ദരാക്കി. രണ്ടുവർഷത്തോളമായി ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ശക്തമായ സമര പരിപാടികളുമായി മുന്നോട്ടു പോകുകയാണ്. മാർച്ചുകളും, ധർണ്ണകളും ഉപരോധങ്ങളുമായി കാടിക്കുടം ഇന്ന് ഒരു സമരഭൂമിയാണ്. സ്ത്രീകളുടേയും കുട്ടികളുടേയും സാന്നിദ്ധ്യം ഈ സമരത്തെ ഏറെ ശ്രദ്ധേയമാക്കുന്നുണ്ട്.

തങ്ങളുടെ പുഴക്കും ജൈവവൈവിധ്യത്തിനും ഓരോ കുടുംബത്തിനും വരുത്തിയ നഷ്ടങ്ങൾക്കും കമ്പനി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന കഷ്ടപ്പാടുകൾക്കും തക്കതായ നഷ്ടപരിഹാരം നല്കി NGIL കമ്പനി അടച്ചുപൂട്ടണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് ആക്ഷൻ കൗൺസിൽ അനിശ്ചിതകാല സത്യാഗ്രഹ സമരം നടത്തിക്കൊണ്ടിരിക്കുന്നത്.

തങ്ങളുടെ ആവശ്യം നേടിയെടുക്കുന്നതിനുവേണ്ടി സ്ത്രീകളും കുട്ടികളും ഉൾപ്പെടെ കാതിക്കുടം ഗ്രാമവാസികൾ തൃശൂർ കളക്ടറേറ്റിലേ




ക്കും കാടുകുറ്റി പഞ്ചായത്തിലേക്കും മാർച്ച് നടത്തിയിരുന്നു. പഞ്ചായത്ത് കമ്പനിയുടെ ലൈസൻസ് പുതുക്കി നല്കാത്തിനെ തുടർന്ന് കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും കോടതി പഞ്ചായത്തിനെതിരെ വിധി നല്കുകയും ചെയ്തു. ലൈസൻസ് പുതുക്കി കമ്പനി പൂർവ്വാധികം ശക്തിയോടെ പ്രവർത്തിക്കുകയും ചെയ്യുന്നു. കോടതിവിധിക്കെതിരെ അപ്പീൽ കൊടുക്കുവാനോ സർക്കാരിന്റെ അനുബന്ധ വകുപ്പുകളുടെ സഹായത്താൽ കമ്പനി നടത്തുന്ന ഈ ഭീകര മലിനീകരണത്തിനെതിരെ ശാസ്ത്രീയമായ പഠനങ്ങൾ നടത്താനുള്ള മുൻകൈയ്യെടുക്കാനോ പഞ്ചായത്ത് ഇതുവരെ ശ്രമിച്ചിട്ടില്ല. മലിനീകരണ നിയന്ത്രണബോർഡ് ഉൾപ്പടെ സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾക്കും മുഖ്യമന്ത്രിക്ക് നേരിട്ട് പരാതി നൽകിയിട്ടും കമ്പനിക്കെതിരെ നടപടിയൊന്നുമുണ്ടായിട്ടില്ല. കേരള വ്യവസായ വകുപ്പിന്റെ പങ്കാളിത്തമുള്ള ഈ കമ്പനിയെ സംരക്ഷിക്കാനാണ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നീക്കമെന്നത് വ്യക്തം. ജപ്പാൻ ആസ്ഥാനമായ 'നിറ്റാ ജലാറ്റിൻ' എന്ന ബഹുരാഷ്ട്രകമ്പനിക്ക് കാതിക്കുടം ഗ്രാമവാസികളെ പതുക്കെ കൊന്നൊടുക്കുവാനുള്ള സാഹചര്യമാണ് നമ്മുടെ സർക്കാരിന്റെ നിശ്ശബ്ദതയിലൂടെ ഒരുക്കിക്കൊടുക്കുന്നത്.

നിരന്തരമായി നടത്തുന്ന സമരപ്രവർത്തനങ്ങളെ പോലീസ് ഭീകരമായി തല്ലിതകർക്കുകയും, സമരത്തിലുൾപ്പെട്ടവരെ കള്ളക്കേസുകളിൽ കുടുക്കി നിരന്തരം പീഡിപ്പിക്കുകയും ചെയ്യുന്നു. തികച്ചും സമാധാനപരമായും അഹിംസാത്മകമായും നടത്തുന്ന സമരത്തെ 'മാവോയിസ്റ്റ്' സമരമായി ചിത്രീകരിക്കാനും പോലീസ് – കമ്പനി കൂട്ടുകെട്ട് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിനുപുറമെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഗുണ്ടകളെ ഇറക്കി നാട്ടിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കാനും കമ്പനി ശ്രമിക്കുന്നുണ്ടെന്ന് സമരപ്രവർത്തകർ പറയുന്നു.

തൃശൂരിലെ ജനനീതി ഈയിടെ നടത്തിയ പഠനത്തിൽ പുഴയിലെ വെള്ളത്തിലും കമ്പനി പരിസരപ്രദേശങ്ങളിലെ മണ്ണിലും, ജലത്തിലും മാരകമായ അളവിൽ ഘനലോഹങ്ങളുടെ അംശം കണ്ടെത്തിയിട്ടുണ്ട്. അപകടകരമായ തോതിൽ മറ്റു രാസവസ്തുക്കളും ഇടയിൽ കണ്ടെത്തുകയുണ്ടായി. ഇവയുടെ വെളിച്ചത്തിൽ വളരെ ഭീതിദമായ ഒരവസ്ഥയാണ് കാതിക്കുടത്ത് നിലനില്ക്കുന്നത്. സർക്കാരിന്റെ മുൻകൈയിൽ കമ്പനി മലിനീകരണത്തിന്റെ തോതിനേയും മലിനീകരണം സൃഷ്ടിച്ച ആരോഗ്യ തകർച്ചയേയും കുറിച്ച് വിപുലവും ശാസ്ത്രീയവുമായ അന്വേഷണവും പഠനവും നടത്തിക്കാൻ വേണ്ട സമ്മർദ്ദം ഉണ്ടാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ സമരപ്രവർത്തകർ വെല്ലുവിളിയായി ഏറ്റെടുക്കേണ്ടതുണ്ട്.

ശക്തമായ സമരത്തോടൊപ്പം തന്നെ ഇത്തരം പഠനഫലങ്ങളായിരിക്കും കമ്പനിയുടെ ഭാവിയെ ഒരുപക്ഷേ നിർണയിക്കാൻ പോകുന്നത്.

ബന്ധങ്ങൾക്ക്: 9745143069

## സമരത്തിന്റെ ഇപ്പോഴത്തെ സ്ഥിതി

കമ്പനി പുറത്തുവിടുന്ന മാലിന്യങ്ങളിൽ മാരകമായ മാലിന്യങ്ങളുണ്ടെന്ന ജനനീതിയുടെ റിപ്പോർട്ട് പുറത്ത് വന്നതിന് ശേഷം പഞ്ചായത്ത് അധികൃതരും മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ആക്ഷൻ കൗൺസിൽ പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ ആക്ഷൻ കൗൺസിലിന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകാതെ കമ്പനി അധികൃതരും മലിനീകരണ നിയന്ത്രണ ബോർഡും ഒഴിഞ്ഞുമാറി. മലിനീകരണം പരിഹരിക്കണമെങ്കിലും തൊഴിൽ പ്രശ്നത്തിന്റെ പേരിൽ കമ്പനി അടയ്ക്കരുതെന്ന നിലപാടാണ് രാഷ്ട്രീയ പാർട്ടികളെടുത്തത്. തുടർന്ന് വൈകീട്ട് ചേർന്ന പഞ്ചായത്ത് സമിതി കമ്പനിക്ക് വീണ്ടും പ്രവർത്തനാനുമതി നൽകി.

പഞ്ചായത്ത് നിയോഗിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ സാന്നിദ്ധ്യത്തിൽ മലിനീകരണത്തെക്കുറിച്ച് അറിയാൻ കമ്പനിക്കകത്തും പുറത്തും പരിശോധന നടത്താമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പ് നൽകിയിരുന്നെങ്കിലും പരിശോധന നടത്താൻ നിശ്ചയിച്ച ദിവസം അവർ എത്തിയില്ല. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്താൻ വരുന്നതറിഞ്ഞ് കമ്പനി കൂടുതൽ തൊഴിലാളികളെ കാക്കനാട് പ്ലാന്റിൽ നിന്നും ഇറക്കുമതി ചെയ്ത് കമ്പനിക്കുള്ളിലെ മാലിന്യങ്ങൾ നീക്കം ചെയ്തു. തൊഴിലാളികളേയും സെക്യൂരിറ്റി ജീവനക്കാരേയും രാത്രിയിൽ ചാലക്കുടി പുഴയിൽ കാവൽ നിർത്തി. കമ്പനിയുടെ നീക്കത്തിൽ സംശയം തോന്നിയ സമര പ്രവർത്തകരും രാത്രി പുഴയ്ക്ക് കാവൽ നിന്നു.

സമരത്തെ പ്രതിരോധിക്കാൻ ഇത്തരം പല ശ്രമങ്ങളും കമ്പനി സ്ഥിരമായി നടത്താറുണ്ടെന്നും പൊലീസിന്റെ ഒത്താശയോടെ ഗുണ്ടകളെ ഉപയോഗിച്ച് സമരപ്രവർത്തകരെ ഭീഷണിപ്പെടുത്താനുള്ള ശ്രമങ്ങളും നടത്തുന്നതായും സമരപ്രവർത്തകർ പറയുന്നു. ജനാധിപത്യരീതിയിൽ നടക്കുന്ന സമരത്തേയും അതിന്റെ നീതിപൂർവ്വമായ ആവശ്യങ്ങളേയും അധികാരത്തിന്റെ പിൻബലവും കായിക ശക്തിയും കൊണ്ട് നേരിടാനുള്ള അന്തസില്ലാത്ത നടപടികളാണ് എൻ.ജി.ഐ.എൽ കമ്പനിയുടെ ഭാഗത്ത് നിന്നും ഇപ്പോഴുണ്ടാകുന്നത്.

സമരം ശക്തമായി തുടർന്നിട്ടും, പ്രതികൂലമായ ഒട്ടനവധി റിപ്പോർട്ടുകൾ പുറത്ത് വന്നിട്ടും ഒന്നിനും മറുപടി പറയാതെ പ്രതിരോധത്തിന്റെ വഴി തുടരുന്ന കമ്പനിക്കെതിരെ കേരളീയ പൊതുസമൂഹത്തിന്റെ പിന്തുണ ആവശ്യപ്പെടുന്ന ശക്തമായ സമരങ്ങളുമായി മുന്നോട്ട് പോകാനുള്ള തീരുമാനത്തിലാണ് ആക്ഷൻ കൗൺസിൽ.